# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5252 — 02.07.2013-ൽ മറുപടിക്ക്

ചോദ്യം — ഉത്തരം

ശ്രീ. എം.വി. ശ്രേയാംസ് കുമാർ

ശ്രീ. കെ. എം. മാണി
ധനകാര്യവും നിയമവും
ഭവന നിർമ്മാണവും വകുപ്പുമന്ത്രി

## ബഡ്ജറ്റ് പ്രൊവിഷൻ കാര്യക്ഷമമായി ചെലവഴിക്കുന്നതിന് സംവിധാനം

| | |
|---|---|
| ഓരോ വകുപ്പുകൾക്കുമുള്ള ബഡ്ജറ്റ് പ്രൊവിഷൻ കാര്യക്ഷമമായി ചെലവഴിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ധനകാര്യ വകുപ്പ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള വിഹിതം കാര്യക്ഷമമായും സമയബന്ധിത മായും ചെലവഴിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ വിവിധ ഭരണ/വകുപ്പു തലവൻമാർക്ക് ധനവകുപ്പ് നൽകാറുണ്ട്. മൂന്നു കോടി രൂപ വരെയുള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിന് വകുപ്പ് തല വർക്കിംഗ് ഗ്രൂപ്പുകളും മൂന്നു കോടി രൂപയ്ക്കു മുകളിൽ അടങ്കലുള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിനായി ധന/പ്ലാനിംഗ്/ബന്ധപ്പെട്ട ഭരണവകുപ്പ് പ്രതിനിധികൾ ഉൾപ്പെട്ട സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പുകളും 2008 മുതൽ ഏർപ്പെടുത്തി. 2012-13 സാമ്പത്തിക വർഷം മുതൽ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പുകളുടെ സാമ്പത്തിക അധികാരപരിധി 5 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. വകുപ്പു തലവൻമാർക്കും ഭരണവകുപ്പുകൾ-ക്കുമുള്ള സാമ്പത്തികാധികാരപരിധി ഗണ്യമായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ |

| | |
|---|---|
| | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെ എല്ലാ വകുപ്പുകളും പദ്ധതി തുകയുടെ 10 ശതമാനമെങ്കിലും സാമ്പത്തിക വർഷത്തിൻെറ ഒന്നാം പാദത്തിൽ ചെലവഴിക്കേണ്ടതും അത് ക്രമാനുഗതമായി രണ്ടാം പാദത്തിൽ 30 ശതമാനമായും മൂന്നാം പാദത്തിൽ 60 ശതമാനമായും വർദ്ധിപ്പിക്കേണ്ടതും അവശേഷിക്കുന്ന 40 ശതമാനം അവസാന പാദത്തിൽ വർഷാന്ത്യത്തിനുമുൻപ് തന്നെ ചെലവഴിക്കേണ്ടതാണെന്നുമുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്താൻ ധന (ഇൻസ്പെക്ഷൻ) വിഭാഗത്തിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>നടപ്പു സാമ്പത്തിക വർഷം മുതൽ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പുതിയ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നുണ്ട് എന്നുള്ളത് ഉറപ്പാക്കാൻ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ധന, പ്ളാനിംഗ്, ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ എന്നിവരുൾപ്പെടുന്ന മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് അവലോകനം നടത്തിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ